WEDNESDAY 06.12.2023 ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)06/12/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, കയ്പമംഗലം, ഇരിങ്ങാലക്കുട, പുതുക്കാട് എന്നീ മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്നു. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും വ്യാവസായിക മേഖലയിലും തുടങ്ങി സമസ്ത മേഖലയിലും അതിദ്രുതഗതിയിലുള്ള വികസനമാണ് നടന്നുകൊണ്ടിരിക്കുന്നത്. യുവതലമുറ സംരംഭങ്ങൾ തുടങ്ങാൻ ഏറ്റവും കൂടുതൽ താല്പര്യം പ്രകടിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളം വളർന്നു. പുതിയ സ്റ്റാർട്ടപ്പുകൾ കേരളത്തിൽ രൂപംകൊണ്ടു. ഇത്തരം വികസന പ്രവർത്തനങ്ങളെ മനസ്സിലാക്കുകയും വിലയിരുത്തുകയും ചെയ്തതിന്റെ പ്രതിഫലനമാണ് ഓരോ നവകേരള സദസ്സിലും തടിച്ചു കൂടുന്ന ഈ ജനാവലി മന്ത്രി ജെ. ചിഞ്ചുറാണി അഭിപ്രായപ്പെട്ടു.

2. വൈറ്റില നെല്ലു ഗവേഷണ കേന്ദ്രത്തിൽ ഗുണമേന്മയുള്ള നാടൻ തെങ്ങിൻതൈകൾ വിവിധയിനം പച്ചക്കറിതൈകൾ, കറിവേപ്പിൻതൈകൾ, വാഴ, ഓർക്കിഡ്, ടിഷ്യുകൾച്ചർതൈകൾ, ജൈവരോഗകീടനിയന്ത്രണ ഉപാധികൾ എന്നിവ വില്പനയ്ക്ക് യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0484 2809963.

3. ബയോസയൻസസ് ഡിപ്പാർട്ട്മെന്റും കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡും സംയുക്തമായി മില്ലെറ്റ് ഫെസ്റ്റിവൽ ഡിസംബർ 7,8 തീയതികളിൽ എം ഇ എസ് കോളേജ് മാറംപള്ളിയിൽ വച്ച് **"സുസ്ഥിര കാർഷിക ജൈവ വൈവിധ്യത്തിലേക്കുള്ള ആദ്യപടി"** എന്ന വിഷയത്തിൽ ഒരു വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു. ഇതോടനുബന്ധിച്ച് കർഷക കൂട്ടായ്മ, മില്ലറ്റ് പ്രദർശനം, മില്ലെറ്റ് വിഭവങ്ങളുടെ മത്സരം, കലാവിരുന്ന്, മില്ലറ്റ് പരിചയപ്പെടുത്തൽ, സാങ്കേതികസംവാദങ്ങൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്. സ്റ്റാൾ ബുക്കിംഗിനായി 9447424893, 9567804713 എന്നീ ഫോൺ നമ്പരുകളിലും കലാവിരുന്നിനായി 8281214271 എന്ന ഫോൺ നമ്പരിലും ബന്ധപ്പെടുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. ക്ഷീര വികസന വകുപ്പിന്റെ 2023-24 വാർഷിക പദ്ധതിയുടെ ഭാഗമായി ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കുന്നതിന് താല്പര്യമുള്ളവരിൽ നിന്നും ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. 2023 ഡിസംബർ 10 വരെ ക്ഷീര വികസന വകുപ്പിന്റെ https://ksheerasree.kerala.gov.in പോർട്ടൽ മുഖേന അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീര വികസന യൂണിറ്റുമായി ബന്ധപ്പെടാവുന്നതാണ്.

5. വെള്ളാനിക്കര ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം, കേരളത്തിലെ കോളേജ് വിദ്യാർത്ഥികൾക്കായി കാർഷിക മേഖലയിൽ ഒരു ഹ്രസ്വ ചിത്രം തയ്യാറാക്കുന്നതിനായി തിരക്കഥ രചന മത്സരം സംഘടിപ്പിക്കുന്നു. പ്രസ്തുത പരിപാടിക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നു. അപേക്ഷകരുടെ പ്രായപരിധി – 30 വയസ്സ്. വിശദ വിവരങ്ങൾക്ക് : 8547837256,0487-2438567 എന്നീ ഫോൺ നമ്പരിലോ http://www.celkau.in/, എന്ന ഈ മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

6. കേരള കാർഷിക സർവകലാശാലയിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെൻറ് കോഴ്സിലേക്ക് അപേക്ഷിക്കാം. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കാർഷിക കോളേജ് വെള്ളായണി വിജ്ഞാന വ്യാപന വിഭാഗം നടപ്പിലാക്കുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെൻറ് കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഒരു വർഷം ദൈർഘ്യമുള്ള പി.ജി. ഡിപ്ലോമ കോഴ്സിലേക്ക് അഗ്രികൾച്ചറിലോ അനുബന്ധ വിഷയങ്ങളിലോ ബാച്ചിലേഴ്സ് ബിരുദം ഉള്ളവർക്കും, ഈ മേഖലയിൽ ജോലി ചെയ്യുന്ന ഏത് ബിരുദധാരികൾക്കും അപേക്ഷിക്കാവുന്നതാണ്. പാഠ്യപദ്ധതി ഏറിയ പങ്കും ഓൺലൈൻ ആയതു കൊണ്ട് കൃഷി - കൃഷി അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ഇത് നല്ലൊരവസരമാണ്. അപേക്ഷകൾ കേരള കാർഷിക സർവ്വകലാശാലയുടെ വെബ്സൈറ്റിലൂടെ (https://admnewpgm.kau.in) സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് 8547856286 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

7. ഗുണനിലവാരമുള്ള വനാമി ചെമ്മീൻ വിത്തുകൾ കർഷകർക്ക് മിതമായ നിരക്കിൽ നൽകുക എന്ന ലക്ഷ്യത്തോടെ കണ്ണൂർ ജില്ലയിലെ മാപ്പിളബേയിലെ വനാമി ചെമ്മീൻ വിത്ത് ഉൽപാദന കേന്ദ്രത്തിൽ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പി.സി.ആർ ടെസ്റ്റുകൾ കഴിഞ്ഞതും രോഗാണുവിമുക്തമായതും ഗുണനിലവാരം ഉള്ളതുമായ ചെമ്മീൻ വിത്തുകൾ ഡിസംബർ ഏഴോടെ വില്പനയ്ക്ക് തയ്യാറാകും. ആവശ്യമുള്ളവർ മാനേജർ, മത്സ്യഫെഡ്, വനാമി ചെമ്മീൻ വിത്ത് ഉൽപാദന കേന്ദ്രം, ഫിഷറീസ് കോംപ്ലക്സ്, മാപ്പിളബേ, കണ്ണൂർ എന്ന വിലാസത്തിലോ 9526041127, 9567250858 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടേണ്ടതാണ്.

8. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒരു മാസം പ്രായമുള്ള കരിങ്കോഴി കുഞ്ഞുങ്ങൾ കുഞ്ഞ് ഒന്നിന് 175 രൂപ നിരക്കിൽ വിൽപനക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

9. മിത്രാ നികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ വച്ച് പെസ്റ്റ് കൺട്രോൾ ഓപ്പറേറ്റർമാർക്കായി ത്രിദിന ട്രെയിനിങ് സംഘടിപ്പിക്കുന്നു. ഡിസംബർ 12, 13, 14 തീയതികളിൽ നടത്തപ്പെടുന്ന ട്രെയിനിങ്ങിലേക്ക് പ്ലസ് ടു പാസായവർക്ക് 8086019840 എന്ന ഫോൺ നമ്പറിൽ വാട്സ്ആപ്പ് മുഖേനയോ ഫോണിൽ കൂടെയോ രജിസ്റ്റർ ചെയ്യാവുന്നതാണ്. തിരുവനന്തപുരം ജില്ലയിൽ Glyphosate എന്ന കളനാശിനി തളിക്കുന്നതിന് താല്പര്യമുള്ളവർ 08.12.2023 വൈകുന്നേരം 4 മണിക്ക് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. രണ്ടുദിവസം ഓൺലൈൻ ട്രെയിനിങ്ങും അവസാനദിവസം പ്രാക്ടിക്കൽ ട്രെയിനിങ്ങും ഉണ്ടായിരിക്കുന്നതാണ്.

10. മലപ്പുറം ജില്ലയിലെ ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഓമനമൃഗങ്ങളുടെ പരിപാലനം എന്ന വിഷയത്തിൽ ഡിസംബർ 7 ന് രാവിലെ 10 മണിക്ക് സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽവിവരങ്ങൾക്ക് 04942962296 എന്ന നമ്പരിൽ വിളിക്കാവുന്നതാണ്.

11. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പരിശീലനം ഡിസംബർ 12, 13 തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ്, ഉത്തേജകൗഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ

നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ **training@rubberboard.org.in** എന്ന ഈ-മെയിലിലോ ബന്ധപ്പെടേണ്ടതാണ്.

**കാർഷിക നിർദ്ദേശം**

12. ചീരയിലെ പ്രധാന കീടമായ ഇലതീനി പുഴുക്കൾക്കെതിരെ ഗോമൂത്രം, കാന്താരിമുളക് മിശ്രിതം, വേപ്പെണ്ണ, വെളുത്തുള്ളി മിശ്രിതംഎന്നിവ ഉപയോഗിക്കാം. ചീരയിലെ ഒരു പ്രധാന രോഗമാണ് ഇലപ്പുള്ളിരോഗം. ചുവന്ന ചീരയും, പച്ചചീരയും ഇടകലർത്തി നടുന്നത് രോഗം കുറക്കുന്നു.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം